II ഇ.ബി. XII കേരള നിയമസഭ/IX-6

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 ഡിസംബർ 2 ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

19(*181) ബേക്കൽ ടൂറിസം റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഹോട്ടൽ നിർമ്മാണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ബേക്കൽ ടൂറിസം റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ആറ് ഹോട്ടലുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതിക്കായി 220.09 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ബി.ആർ.ഡി.സി. വികസിപ്പിച്ചെടുത്ത ആറ് റിസോർട്ട് സൈറ്റുകളും കോർപ്പറേഷൻ നേരിട്ട് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ഉയർന്ന വാർഷികപാട്ടം വാഗ്ദാനം ചെയ്ത ഹോട്ടൽ ഗ്രൂപ്പുകൾക്ക് ദീർഘകാല പാട്ടക്കരാർ വ്യവസ്ഥയിൽ കൈമാറുന്നത് സംബന്ധിച്ച് ലൈസൻസ് കരാർ ഒപ്പു വച്ചിട്ടുണ്ട്. രണ്ട് വർഷത്തിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്നാണ് കരാറിലെ വ്യവസ്ഥ. സൈറ്റ് നമ്പർ 1 ഒഴികെയുള്ള എല്ലാ സൈറ്റുകളിലും റിസോർട്ടുകളുടെ പണി നടക്കുകയാണ്. ബേക്കൽ പ്രദേശത്ത്

പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള റോഡുനിർമ്മാണത്തിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയിൽ നിന്ന് ബേക്കൽ കോട്ടയിലേയ്ക്കുള്ള റോഡിന്റെ നവീകരണ പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ബീച്ച് പാർക്കിലേയ്ക്കുള്ള റോഡ് മോഡൽ റോഡായി ഉയർത്തുന്നതിനുവേണ്ടി ഒരു പദ്ധതി സമർപ്പിക്കാൻ നിർദ്ദേശം ആയിട്ടുണ്ട്. ബേക്കൽ പ്രദേശത്തെ റിസോർട്ടുകളിലേയ്ക്കും പൊതുജനാവശ്യത്തിനുമായി 18 കിലോമീറ്റർ നീളത്തിൽ 5 മേജർ ഡിസ്ട്രിക്റ്റ് റോഡുകൾ നബാർഡിന്റെ ധനസഹായത്തോടുകൂടി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിലേയ്ക്കായി 1,85,00,000 രൂപ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി 9 ടാങ്കുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശവാസികൾക്ക് കൂടി കുടിവെള്ളം ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി സ്ഥലം എം.എൽ.എ. ചെയർമാനായി ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ബേക്കൽ കോട്ട ടൂറിസ്റ്റുകളുടെ ആകർഷണകേന്ദ്രമാക്കി മാറ്റുന്നതിന്റെ കൂട്ടത്തിൽ മറ്റ് പ്രധാന കോട്ടകളുടെയും വികസനം സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ബേക്കലിൽ ലൈറ്റിംഗ് സൗകര്യത്തോടുകൂടിയ മനോഹരമായ ഒരു പൂന്തോട്ടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മുഴപ്പിലങ്ങാട് ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി.-യുടെ സഹായത്തോടെ

ആധുനികസൗകര്യങ്ങളോടുകൂടിയ ഒരു ഹോട്ടൽ സമുച്ചയം സ്ഥാപിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതാണ്. കേരള ടൂറിസത്തിന്റെ ഭാവി കണ്ടെത്തി, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പ്രചരണ-മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് യഥാസമയം ടൂറിസം പദ്ധതികൾ പൂർത്തീകരിക്കാനായി ഏകജാലക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. വിദേശടൂറിസ്റ്റുകൾക്ക് ഉപദ്രവമുണ്ടാകാത്ത വിധം വെഹിക്കിൾ സ്കാനർ പോലുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്താൻ പോലീസ് ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം നൽകുന്നതാണ്. കേരളത്തിലെ പ്രധാനപ്പെട്ട ടൂർ ഓപ്പറേറ്റർമാരേയും ഈ രംഗത്ത് പ്രവർത്തിക്കുന്ന പരിചയസമ്പന്നരേയും ഉൾപ്പെടുത്തി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ ആഗോള സാമ്പത്തിക മാന്ദ്യം ടൂറിസം മേഖലയെ എങ്ങനെ ബാധിക്കുന്നുവെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനായി ഒരു വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതാണ്. പഴശ്ശി ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

20 (*182) <u>പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണം</u>.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽ നിന്ന് കഴിഞ്ഞ എട്ടു വർഷങ്ങളിലായി അനുവദിച്ച ഗ്രാന്റ് പരമാവധി യഥാസമയം ഉപയോഗിച്ച് നവീകരണപ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ

അറിയിച്ചു. പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പോലീസ് സ്റ്റേഷനുകളിലേയും പോലീസ് ക്യാമ്പുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും യാത്രാസൗകര്യം, വാർത്താവിനിമയ സൗകര്യം, പരിശീലന സൗകര്യം മുതലായവ വർദ്ധിപ്പിക്കുകയും ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ എന്നിവ നവീകരിക്കുകയും കേസന്വേഷണത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ട്രാഫിക് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വീകരിച്ച പ്രധാന നടപടികൾ താഴെക്കൊടുക്കുന്നു.

കേസന്വേഷണത്തിന്റെ ഭാഗമായി തെളിവിലേയ്ക്കായി ശേഖരിക്കുന്ന ലക്ഷ്യംവകകൾ കൃത്യതയോടെ പരിശോധിക്കുന്നതിനായി ഫോറൻസിക് സയൻസ് ലബോറട്ടറികളിലേയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്;

യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 373 ബസ്സുകൾ, 1541 ഇരുചക്ര വാഹനങ്ങൾ, 1272 ലൈറ്റ്/മീഡിയം വാഹനങ്ങൾ, 350 വാനുകൾ എന്നിവ വാങ്ങിയിട്ടുണ്ട്;

സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു;

വിവര വിനിമയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും 24 മണിക്കൂറും പ്രവർത്തനക്ഷമമായി നിലനിർത്തുകയും ചെയ്യുന്നുണ്ട്. ഈ വർഷം തന്നെ തിരുവനന്തപുരം സിറ്റിയിൽ ഡിജിറ്റൽ റേഡിയോ വിനിമയ സംവിധാനം ആരംഭിക്കുന്നതാണ്. കോഴിക്കോടും കൊച്ചിയിലും കൂടി ഇത് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്;

ലഹള സംഭവങ്ങൾ ശാസ്ത്രീയമായും ഫലപ്രദമായും നേരിടുന്നതിനായി ജലപീരങ്കി, ബോഡി പ്രൊട്ടക്ടർ, പോളികാർബണേറ്റ് ലാത്തി മുതലായവ ലഭ്യമാക്കിയിട്ടുണ്ട്;

പോലീസ് സ്റ്റേഷനുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേസന്വേഷണത്തിന് ഉപയോഗിക്കേണ്ട ഉപകരണങ്ങൾ, ക്യാമറ,

ഫോട്ടോകോപ്പിയർ, ഫാക്സ് മെഷീൻ, കമ്പ്യൂട്ടർ മുതലായവ വാങ്ങിയിട്ടുണ്ട്;

പോലീസ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങളും പോലീസുകാർക്ക് താമസത്തിനുള്ള കെട്ടിടങ്ങളും പുതുതായി നിർമ്മിക്കുകയും പഴയവ ആധുനീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളാ പോലീസ് സി-ഡാക്കിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ 'ഓട്ടോമാറ്റഡ് ഡയൽ 100' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടെട്രാ വയർലെസ്സ് ടെക്നോളജി ഉപയോഗിച്ചുള്ള ഈ സംവിധാനംമൂലം പോലീസ് കൺട്രോൾ റൂമുകളിൽ നിന്നും പട്രോൾ വാഹനങ്ങളെ കാര്യക്ഷമമായി മാനേജ് ചെയ്യുന്നതിനും അടിയന്തിര സഹായമഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകർക്ക് പരമാവധി കുറഞ്ഞ സമയത്തിനുള്ളിൽ സഹായമെത്തിക്കാനും കഴിയുന്നുണ്ട്. ഈ സംവിധാനത്തിൽ ഒരു ഓഫീസർക്ക് ഒന്നിലധികം സംഭവങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നു. തിരുവനന്തപുരം നഗരത്തിൽ ഈ സംവിധാനം 18-11-2008-ൽ നിലവിൽ വന്നു. കൺട്രോൾ റൂമിലേയ്ക്ക് വരുന്ന സന്ദേശങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സിറ്റിയുടെ വിവിധ ഭാഗങ്ങളിൽ വിന്യസിച്ചിട്ടുള്ള കൺട്രോൾ റൂം വെഹിക്കിളുകളിൽ എത്തിക്കാനും അതുവഴി സത്വരനടപടികൾ സ്വീകരിക്കാനും കഴിയുന്നതാണ്. 16 പുതിയ വാഹനങ്ങൾ ഇതിലേയ്ക്കായി സിറ്റിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൺട്രോൾ റൂമിലേയ്ക്ക് വിളിക്കുന്ന ആളിന്റെ ഫോൺ നമ്പരും ലൊക്കേഷനും കമ്പ്യൂട്ടർ സ്ക്രീനിൽ തെളിയുന്നതിനാൽ തൊട്ടടുത്ത് ലഭ്യമായ പി.സി.ആർ. വാഹനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ കഴിയും. സന്ദേശങ്ങളുടെ രഹസ്യസ്വഭാവം പൂർണ്ണമായും നിലനിർത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലനം ലഭിച്ച

പോലീസുദ്യോഗസ്ഥരാണ് ഈ സംവിധാനം കൈകാര്യം ചെയ്യുന്നത്. ഇത് നടപ്പാക്കുന്നതിനായി 222.31 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതായതിനാലും വളരെയേറെ ചെലവ് വരുന്നതിനാലും കേന്ദ്ര ഗവണ്മെന്റ് സഹായം കിട്ടുന്ന മുറയ്ക്ക് മാത്രമേ എല്ലാ ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കാൻ കഴിയുകയുള്ളൂ. അടുത്ത ഘട്ടത്തിൽ ഈ സംവിധാനം തൃശൂർ, കൊല്ലം എന്നീ ജില്ലകളിൽക്കൂടി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്തും കൊച്ചിയിലും പരീക്ഷണാടിസ്ഥാനത്തിൽ നിരീക്ഷണക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരങ്ങളിൽ റസിഡൻഷ്യൽ അസോസിയേഷനുകളുടെ സഹായത്തോടെ രാത്രികാല പട്രോളിംഗ് നടത്തുകയും ആയത് മേലുദ്യോഗസ്ഥർ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പുതി.യ വെല്ലുവിളികൾ നേരിടാൻ കഴിയുന്ന വിധത്തിൽ കേന്ദ്ര ഏജൻസികളുമായി ബന്ധപ്പെട്ട് പോലീസുകാർക്ക് ആധുനിക രീതിയിലുള്ള ട്രെയിനിംഗ് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് നവീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. സൈബർ കുറ്റകൃത്യങ്ങൾ തടയാനായി ഡി.ജി.പി. ഓഫീസിൽ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും അതിനാവശ്യമായ സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടറുകൾ സ്ഥാപിക്കുകയും ജനങ്ങൾക്ക് നിർഭയമായി ചെന്ന്

പരാതികൾ നൽകാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ച് കുറ്റകൃത്യങ്ങൾ തെളിയിക്കാൻ കേരളാ പോലീസിനെ പ്രാപ്തമാക്കുന്നതാണ്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ കുറ്റകൃത്യങ്ങൾ കുറവാണ്. സംസ്ഥാനത്തെ എല്ലാ ആരാധാനലയങ്ങളിലും സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മറൈൻ പോലീസ് സംവിധാനവും തീരപ്രദേശത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

21(*183) <u>മാറാട് കലാപത്തിന്മേൽ സി.ബി.ഐ. അന്വേഷണം.</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മാറാട് കലാപത്തിനു പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാനായി 19-11-2008-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയും അതുപ്രകാരം കേന്ദ്രസർക്കാരിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മാറാട് രണ്ടാം കലാപം സംബന്ധിച്ച് കോഴിക്കോട് സ്പെഷ്യൽ കോടതിയിൽ നടക്കുന്ന കേസ് പരിശോധിച്ച ശേഷമാണ് കേസ് പൂർത്തിയാക്കാനായി ജസ്റ്റീസ് ജോസഫ് തോമസ് കമ്മീഷൻ സി.ബി.ഐ. അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത്. ഇപ്പോൾ നടക്കുന്ന കേസ്സിനെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ സി.ബി.ഐ. അന്വേഷിക്കണമെന്നാണ് സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 196 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്)